പലിശ നിരക്ക് സ്ഥിര നിക്ഷേപം നടത്താൻ ഇടപാടുകാർക്ക് പ്രേരണയായിട്ടുണ്ട്. ട്രഷറി സേവിംഗ്സ് ഇടപാടുകാർക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുവാനുള്ള ക്രമീകരണങ്ങൾ അവസാനഘട്ടത്തിലാണ്.

(സി) ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകാരിൽനിന്നും യാതൊരു സർവ്വീസ് ചാർജ്ജും ഈടാക്കുന്നില്ല. മാത്രമല്ല ഇടപാടുകാരുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടില്ല. ട്രഷറി അക്കൗണ്ടിലെ പണം ബാങ്ക് അക്കൗണ്ടിലേയ്ക്ക് NEFT/RTGS മുഖേന മാറ്റാവുന്നതാണ്. ട്രഷറി ഇടപാടുകാർക്ക് എ.ടി.എം. സൗകര്യം പ്രദാനം ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ട്രഷറി ഇടപാടുകാർക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം അടുത്തുതന്നെ ഏർപ്പെടുത്തുന്നതാണ്. ട്രഷറി ഇടപാടുകാർക്ക് ഈ സൗകര്യങ്ങളെല്ലാം ലഭ്യമാകുന്നത് ഒരു സർവ്വീസ് ചാർജ്ജും ഫീസും ഈടാക്കാതെയാണ്. മറ്റ് ഒളിഞ്ഞിരിക്കുന്ന ചാർജ്ജുകൾ ഒന്നുമില്ലാതെ ട്രഷറി ഇടപാടുകാർക്ക് ലഭ്യമാക്കിയിരിക്കുന്ന ഇത്തരം ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഇടപാടുകാരെ ട്രഷറികളിലേയ്ക്ക് ആകർഷിക്കാൻ പര്യാപ്തമാണ്.

## ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയ ബില്ലുകൾ

93 (2369) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷാവസാനം കൊടുത്തു തീർക്കാൻ കഴിയാതെ ട്രഷറി ക്യൂവിലേക്കു മാറ്റിയ ബില്ലുകളുടെ തുക വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ നാളിതുവരെ കൊടുത്തു തീർത്തതും ഇനി കൊടുക്കാനുള്ളതുമായ തുക എത്രയാണ്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീക്കിയിരുപ്പുണ്ടായ തുക തിരിച്ച് പിടിച്ചത് മുഴുവൻ കൊടുത്ത് തീർത്തിട്ടുണ്ടോ; ആയതിന്റെ കണക്കുകൾ നൽകാമോ?

### ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കൊടുത്തുതീർക്കാൻ കഴിയാതെ ക്യൂവിലേയ്ക്ക് മാറ്റിയ ബില്ലുകളുടെ മൊത്തം തുക 1351.27 കോടി രൂപയാണ്. കഴിഞ്ഞ സാമ്പത്തികവർഷാവസാനം കൊടുത്തുതീർക്കാൻ കഴിയാതെ ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയ ബില്ലുകളുടെ വകുപ്പ് തിരിച്ചുള്ള തുകയുടെ വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ 1119 കോടി രൂപ കൊടുത്തു തീർത്തിട്ടുണ്ട്. ഇനി 232.33 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് തിരികെ പിടിച്ച തുക സംബന്ധിച്ച് ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ കണക്കുപ്രകാരം ആകെ 1170.34 കോടി രൂപ തിരികെ നൽകിയിട്ടുണ്ട്. വിശദമായ കണക്കുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**കേരള ലോട്ടറി ടിക്കറ്റുകളുടെ വിൽപ്പന**

94 (2370) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോട്ടറിയുടെ സമ്മാനങ്ങൾ ഈയടുത്തകാലത്ത് പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പരിഷ്കാരം ഏത് വിധത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സമ്മാനങ്ങൾ പരിഷ്കരിച്ച ശേഷം ലോട്ടറിയുടെ വിൽപ്പനയിൽ ഇടിവാണോ വർദ്ധനവാണോ ഉണ്ടായിട്ടുള്ളത് ; വ്യക്തമാക്കാമോ;

(സി) മൊത്തവ്യാപാര സ്ഥാപനങ്ങളിൽ ലോട്ടറികൾ കെട്ടിക്കിടക്കുന്നു എന്നതും ഏജന്റുമാർ മുൻകൂർ പണം അടച്ചുവാങ്ങുന്നതിനാലും വിൽപ്പനയിലെ കുറവ് ശ്രദ്ധയിൽ പെടുന്നില്ല എന്നത് വസ്തുതയാണോ;

(ഡി) അനുവദിച്ച ക്വാട്ട നഷ്ടപ്പെടുമെന്നതിനാൽ ലോട്ടറി ഓഫീസുകളിൽ നിന്ന് ടിക്കറ്റുകൾ കുറച്ചെടുക്കാൻ എജന്റുമാർ തയ്യാറാകുന്നില്ല എന്നും തത്കാലത്തേക്ക് ടിക്കറ്റുകൾ കുറച്ചാൽ പിന്നീട് അത് കൂട്ടണമെന്ന് കരുതിയാൽ ബുദ്ധിമുട്ടാണെന്നും അതിനാൽ കെട്ടുകണക്കിന് ടിക്കറ്റുകൾ ബാക്കിയായിട്ടും മൊത്തവിതരണ ഏജന്റുമാർ നഷ്ടം സഹിക്കുന്നു എന്നത് വസ്തുതയാണോ ;

(ഇ) മുൻനിര സമ്മാനങ്ങളുടെ എണ്ണം കുറച്ചത് ലോട്ടറിവിൽപ്പന ഗണ്യമായി കുറയാൻ കാരണമായിട്ടുണ്ടോ;

(എഫ്) എങ്കിൽ വിൽപ്പന വർദ്ധിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly